# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 2 | PUBLISHED FROM DELHI | PRICE Rs. 3/- | FEBRUARY 2012


## എഫ്.സി.ബി.സി 4-ാമത് ബിരുദദാനം മാർച്ച് മൂന്നിന്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 4-ാമത് ഗ്രാഡുവേഷൻ സർവീസ് 2012 മാർച്ച് മൂന്നിന് രാവിലെ പത്ത് മണിക്ക് അടൂർ മർത്തോമ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഡോ. ആനി ജോർജ് (എഫ്.റ്റി.സി. മണക്കാല) മുഖ്യസന്ദേശം നൽകും. ബി.റ്റി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റിഎച്ച് എന്നീ ക്ലാസ്സുകളിൽ നിന്നും ഈ വർഷം പഠനം പൂർത്തീകരിച്ച പതിമൂന്നുപേർക്ക് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കേറ്റുകൾ നൽകും.

2005-ൽ വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും മുപ്പത്തിയാറ് യുവതി യുവാക്കൾ പഠനം പൂർത്തിയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തിൽ ബീഹാർ, ഉത്തർപ്രദേശ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള മുപ്പത്തിയേഴുപേർ ഉൾപ്പെടുന്ന ബാച്ച് പഠനം നടത്തുന്നു. ആത്മനിറവും ദൈവിക പരിജ്ഞാനവും ഉള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

ബാച്ചിലർ ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ ലഭ്യമാണ്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് 6 മണി മുതൽ 8 മണിവരെ (തിങ്കൾ-ബുധൻ) നടത്തപ്പെടുന്നു. പുതിയ വർഷത്തെ ക്ലാസ്സുകൾ 2012 ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.



*ബിരുദദാരികൾ അതിഥികളോടോപ്പം (ഫയൽ ഫോട്ടോ)*

## ഫാദർ ചിറമ്മലിന് ഡൽഹിയിൽ അനുമോദനം

**കി**ഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനും, ചെയർമാനുമായ ഫാദർ ഡേവിസ് ചിറമ്മലിനെ പ്രഗതി റേ ഓഫ് ഹോപ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ കേരളാ ഹൗസ്സിൽ വച്ചു നടന്ന ചടങ്ങിൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് ശ്രീ. ടി. കെ. എ. നായർ സ്നേഹോപഹാരം നൽകി അനുമോദിച്ചു. ഫൗണ്ടേഷൻ പ്രസിഡന്റ് ശ്രീ ജേക്കബ് സണ്ണി ഫാദർ ചിറമ്മലിന്റെ സേവനങ്ങളെ പ്രകീർത്തിച്ചു പ്രസംഗിച്ചു.

കോ-ഓർഡിനേറ്റർ ശ്രീ ജേക്കബ് പുതുപ്പള്ളി ഫാദറിനെ പൊന്നാട അണിയിച്ചു. സുപ്രീംകോടതി അഭിഭാഷകൻ ശ്രീ. ദീപക് പ്രകാശ് അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ ശ്രീ. ടി. കെ. എ. നായർ ഉദ്ഘാടന പ്രസംഗം നടത്തി. ശ്രീ. ബാബു പണിക്കർ, അഡ്വ. പി.കെ. ബിജു, കാർട്ടൂണിസ്റ്റ് സുധീർനാഥ്, അഡ്വ. മനോജ് ഏബ്രഹാം, ഇ.എം. ഷാജി എന്നിവർ പ്രസംഗിച്ചു.

കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സഹായങ്ങൾ രാജ്യത്തിലെ എല്ലാ ജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി ഉടൻ തന്നെ ഡൽഹിയിൽ ഒരു പ്രവർത്തനം ആരംഭിക്കുമെന്ന് മറുപടി പ്രസംഗത്തിൽ ഫാദർ ചിറമ്മൽ പറഞ്ഞു. കിഡ്നിദാനത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിൽ പ്രഗതി പോലുള്ള സംഘടനകളുമായി സഹകരിച്ച് മുന്നേറുവാൻ ഫെഡറേഷൻ താത്പര്യപ്പെടുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ഫാദർ ഡേവിസ് ചിറമ്മലിന് ശ്രീ. ടി. കെ. എ. നായർ സ്നേഹോപഹാരം നൽകുന്നു. ജേക്കബ് പുതുപ്പള്ളി, കെ.ജേക്കബ് സണ്ണി, അഡ്വ. പി.കെ.ബിജു എന്നിവർ സമീപം

## പെന്തക്കൊസ്ത് കൂട്ട പ്രാർത്ഥനക്ക് അനുമതി വേണമെന്ന് ഹൈക്കോടതി

പെന്തക്കൊസ്തു വിഭാഗത്തിൽ പെട്ടവരുടെ വീടുകളിൽ കൂട്ട പ്രാർത്ഥന നടത്താൻ ജില്ലാ കലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി നേടണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു.

വീടുകളിലെ കൂട്ടപ്രാർത്ഥന ബുദ്ധിമുട്ടാകുന്നെന്നു ചൂണ്ടിക്കാട്ടി അയൽവാസികൾ പരാതി നൽകിയതിനെ തുടർന്ന് പെന്തക്കോസ്ത് വിശ്വാസികളായ ചിലരെ പന്തളം സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷനിൽ വിളിച്ചുവരുത്തിയിരുന്നു. ഈ സംഭവത്തെ തുടർന്ന് മതപരമായ കാര്യങ്ങളിൽ പൊലീസ് ഇടപെടുന്നത് തടയണമെന്നാവശ്യപ്പെട്ടു സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. കൂട്ട പ്രാർത്ഥന നടത്താൻ കലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വേണമെന്ന സർക്കാർ ഉത്തരവ് ചൂണ്ടികാട്ടിയ പൊലീസിന്റെ

(ശേഷം രണ്ടാം പേജിൽ)



*ബീഹാറിലെ സെന്തുവാർ ഗ്രാമത്തിലെ ഐ.സി.എം അക്കാദമിയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ദൃശ്യം*

## നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമ്മർദ്ദം ചെലുത്തും: അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ

ന്യൂഡൽഹി: നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രനിയമ നിർമാണം നടത്താൻ കേന്ദ്രത്തിനുമേൽ സമ്മർദം ചെലുത്തുമെന്നു പ്രവാസിക്ഷേമകാര്യ നിയമസഭാ സമിതി ചെയർമാൻ അബ്ദു റഹ്മാൻ രണ്ടത്താണി പ്രസ്താവിച്ചു.പ്രവാസി ക്ഷേമത്തിനായി നിയമസഭാസമിതി നടത്തിയ തെളിവെടുപ്പിൽ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ വളരെ സങ്കീർണമാണെന്ന് മുംബൈയിലും ഡൽഹിയിലും നടത്തിയ തെളിവെടുപ്പുകളിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞെന്നും സമഗ്ര നിയമനിർമാണമാണ് പരിഹാരമെന്നും അദ്ദേഹം പറഞ്ഞു. സമിതി സർക്കാറിന് നൽകുന്ന ശുപാർശകളിൽ ഇതുൾപ്പെടുത്തും. അടുത്ത നിയമസഭാ സമ്മേളനത്തിന് മുൻപ് റിപ്പോർട്ട് സമർപ്പിക്കും. കേരളം പാസാക്കിയ പല നിയമങ്ങളും രാജ്യത്തിന് തന്നെ മാതൃകയാണെന്നിരിക്കെ നഴ്സുമാരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുവാനും കേരളം തന്നെ മുൻകൈയ്യെടുക്കും.

കേരള പ്രവാസി നഴ്സസ് ഫ്രണ്ട് സമിതിക്ക് മുമ്പാകെ നിവേദനം നൽകി. നഴ്സുമാരുടെ പരാതികൾ നേരിട്ടു കേൾക്കുന്നതിനുള്ള ശ്രമമെന്ന നിലയിലാണ് നിയമസഭാസമിതി മുംബൈയിലും ഡൽഹിയിലും തെളിവെടുപ്പു നടത്താൻ തീരുമാനിച്ചത്. നഴ്സിങ്ങ് കൗൺസിലിന്റേയും ഡൽഹി സർക്കാറിന്റെയും ശക്തമായ ഇടപെടലുകളുടെ ഫലമായി ബോണ്ട് സംവിധാനം അവസാനിപ്പിക്കാൻ മിക്ക ആശുപത്രികളും തയ്യാറായിട്ടുണ്ടെങ്കിലും രണ്ടു വർഷത്തെ ശമ്പളത്തിന് സമാനമായ ചെക്ക് വാങ്ങിച്ചാണ് പുതിയ മുറയിൽ പീഡനം തുടരുന്നതെന്ന് നഴ്സുമാർ പറഞ്ഞു. പ്രസവാവധി അനുവദിക്കാത്തതു മുതൽ നഴ്സുമാർക്ക് ചികിൽസ നിഷേധിക്കുന്നതുൾപ്പടെയുള്ള പരാതികൾ ആയിരുന്നു ചിലർ പങ്ക് വച്ചത്.

സർക്കാർ ആശുപത്രികളിലെ പോലെ സ്വകാര്യമേഖലയിലും ജോലിസമയം ആറുമണിക്കൂറാണെങ്കിലും ഈ നിയമം കടലാസിൽ ഒതുങ്ങി നിൽക്കുകയാണ്. സാധാരണ ഷിഫ്റ്റിൽ എട്ട് മണിക്കൂർ വരെയും രാത്രി ഷിഫ്റ്റിൽ 12 മണിക്കൂർ വരെയും ജോലി സമയം നീളുന്നു. രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് വിശ്രമം പോലും അനുവദിക്കാതെ പരിശീലനത്തിന് ഹാജരാകണമെന്ന് നിർദ്ദേശം ലഭിക്കുന്ന സംഭവങ്ങളും നഴ്സുമാർ ശ്രദ്ധയിൽപ്പെടുത്തി.നഴ്സുമാരെക്കൊണ്ട് അധികം ജോലി ചെയ്യിപ്പിക്കുന്നത് സ്വകാര്യ മേഖലയിൽ സാധാരണമെങ്കിലും ഇതിനു പ്രത്യേക ആനുകൂല്യങ്ങളോ പകരം ലീവോ അനുവദിക്കാറില്ല.

സ്വകാര്യ ആശുപത്രികളിലെ കുറഞ്ഞ വേതനമാണ് മറ്റൊരു പ്രശ്നം. സർക്കാർ മേഖലയിൽ 35000 രൂപാ വരെ മാസശമ്പളം ലഭിക്കുമ്പോൾ സ്വകാര്യമേഖലയിൽ 7000 രൂപയ്ക്കടുത്താണ് ലഭിക്കുന്നത്. മാത്രമല്ല, സർക്കാർ ആശുപത്രികളിലെ നഴ്സുമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ഇവർക്ക് ലഭിക്കുന്നില്ല. സ്വകാര്യ ആശുപത്രികളിലെ അടിസ്ഥാന ശമ്പളം പുനഃനിർണയിക്കണമെന്ന് സർക്കാർ കർശനമായ നിർദ്ദേശം നൽകുകയേ ഇതിനു പരിഹാരമായുള്ളു എന്ന് പലരും അഭിപ്രായപ്പെട്ടു. എന്നാൽ, സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവർക്കും പരാതി പറ

(ശേഷം രണ്ടാം പേജിൽ)

പത്രാധിപ ലേഖനം.......

# പങ്ക് വയ്ക്കലിന്റെ മഹനീയ മാതൃക



**ഈ** കഴിഞ്ഞ ദിവസം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനായ കത്തോലിക്ക പുരോഹിതൻ ഫാദർ ഡേവിസ് ചിറമ്മലിനെ അഭിനന്ദിച്ചുകൊണ്ട് ന്യൂഡൽഹിയിലെ ജന്തർമന്തർ റോഡിലുള്ള കേരളാഹൗസിലെ കോൺഫറൻസ് ഹാളിൽ നടത്തിയ ഒരു യോഗത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചു. ഫാദർ ചിറമ്മൽ സ്വന്തം കിഡ്നി ഒരു ഹൈന്ദവന് ദാനം ചെയ്തുകൊണ്ടാണ് സംഘടനയുടെ പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചത്. ഇങ്ങനെ ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച മുഖ്യആശയം ഒരു വേദവാക്യമായിരുന്നു- രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവന് കൊടുക്കട്ടെ; ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ (ലൂക്കൊസ് 3:11).

ഈ വാക്യത്തിന്റെ സന്ദർഭം പരിശോധിക്കുമ്പോൾ യോഹന്നാൻ സ്നാപകന്റെ അടുത്ത് സ്നാനമേൽപ്പാൻ വന്നുകൊണ്ടിരുന്നവരെ സ്നാപകൻ ഇങ്ങനെ ശാസിക്കുന്നത് കാണാൻ കഴിയുന്നു. സർപ്പസന്തതികളേ എന്നാണ് അദ്ദേഹം അവരെ അഭിസംബോധന ചെയ്തത്. വൃക്ഷങ്ങളുടെ ചുവടിന് കോടാലി വച്ചിരിക്കുന്നു എന്നും നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു എന്നും സ്നാപകൻ പറഞ്ഞു. നല്ലഫലം എങ്ങനെ കായിക്കണം എന്ന് അവർ ചോദിച്ചതിന്റെ ഉത്തരമായാണ് യോഹന്നാൻ ഇല്ലാത്തവന് കൊടുക്കുന്നതിനെ പറ്റി ഉദ്ബോധിപ്പിച്ചത്.

ഫാദർ ചിറമ്മൽ കാണിച്ച മാതൃകയെക്കുറിച്ച് ചിന്തിക്കുമ്പോൾ തോന്നുന്നത് ഈ വേദവാക്യം നമ്മളും വായിച്ചിട്ടുണ്ട്; എന്നാൽ, അത് നമ്മെ ബാധിക്കുന്ന ഒരു നിർദ്ദേശമായി നാം സ്വീകരിക്കാറില്ല. ഈ വാക്യം ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽ തന്നെയും അതിലെ ഉടുപ്പ്, പുതപ്പ്, മുതലായ വസ്തുക്കളെക്കുറിച്ചാണ് നാം ചിന്തിക്കാറുള്ളത്. അറിയപ്പെടുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അറിയപ്പെടാത്തത് അനുമാനിക്കുക എന്നതിന് ആംഗലേയ ഭാഷയിൽ extrapolate എന്ന് പറയും. ഈ വാക്യം വായിക്കുമ്പോൾ മനസിൽ പതിഞ്ഞ ഉടുപ്പിനും പുതപ്പിനും അപ്പുറമുള്ളത് നമുക്ക് ചിന്തിക്കുവാൻ കഴിയണം. ഇവിടെ ഈ പുരോഹിതൻ ഒരു പടികൂടി കടന്ന് സ്വന്തം ശരീരാവയവം ആണ് അപരന് കൊടുത്തത്. ദൈവസ്നേഹം പ്രവൃത്തികളിൽ വെളിപ്പെടുത്തണമെന്ന് വിളിച്ചുകൂവി വെറും അധരവ്യായാമം ചെയ്യുന്നവർക്ക് എത്ര നല്ല മറുപടി!

ലോകത്തിന്റെ വലിയ ഒരു പ്രശ്നം മനുഷ്യർ സ്വസ്നേഹികളായി സ്വയത്തിനു വേണ്ടി ചിന്തിക്കുന്നതും സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും ആണ്. സ്വയകേന്ദ്രീകൃതമായ ജീവിതശൈലിയാണ് വ്യക്തികൾ തമ്മിലും കുടുംബങ്ങൾക്കകത്തും സമൂഹത്തിനകത്തും രാജ്യത്തിനകത്തും രാജ്യങ്ങൾ തമ്മിലും സംഘർഷം ഉണ്ടാകുവാനുള്ള പ്രധാന കാരണം. ഇത് തിരുത്തുവാൻ തയ്യാറാകുന്ന പക്ഷം സമാധാനത്തിലേക്ക് സ്നേഹത്തിന്റെ ഒരു പാത വെട്ടി തുറക്കാനാകും. സ്നേഹശൂന്യമായ ലോകം സ്നേഹമയമാകുമ്പോൾ ഭൂമിയിൽ ദൈവരാജ്യം പ്രബലപ്പെടുകയാണ്. സഭയ്ക്ക് ലോകത്തിൽ ചെയ്യുവാനുള്ള കടമകൾ അതിലെ ഒരോ അംഗവുമാണ് ചെയ്തെടുക്കേണ്ടത്. സഭയിലെ അംഗങ്ങൾ അന്യോന്യവും സഭയ്ക്ക് പുറത്തുള്ളവരെയും സ്വന്തമെന്നപോലെ കരുതുമ്പോൾ സാത്താൻ പത്തിമടക്കും. സഭയുടെ മുഖമുദ്ര തന്നെ ദൈവസ്നേഹം ആയിരിക്കേണം എന്നുള്ളപ്പോൾ സഭാംഗങ്ങൾ ഈ ദൈവസ്നേഹത്തിന്റെ പ്രദർശനശാലകൾ ആയേ തീരു.

മനുഷ്യർ സ്വന്തം സമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള പരക്കം പാച്ചിലിലാണ്. രണ്ടുള്ളവൻ അത് ആദ്യം നാലാക്കുവാനും പിന്നെ എട്ടാക്കുവാനും അങ്ങനെ കണക്കില്ലാത്ത അളവിലേക്ക് എത്തിക്കുവാനും ബദ്ധപ്പെടുന്നു. അന്നേരം രണ്ടുള്ളവൻ എങ്ങനെ ഇല്ലാത്തവന് കൊടുക്കും. മരുഭൂയാത്രയിൽ തിടുക്കപ്പെട്ട് ഏറെ മന്ന പെറുക്കിയവരുണ്ട്. ഒടുവിൽ അവർ പെറുക്കിയെടുത്തതും കുറച്ച് പെറുക്കിയവരുടേതും ഒരളവിലാണ് കണ്ടത്. അതായത് ഏറെ അദ്ധ്വാനിച്ച് സമ്പത്ത് കൂട്ടിയാലും ദൈവിക ദൃഷ്ടിയിൽ അതിന് വലിയ മുൻതൂക്കം ഇല്ല. അതുകൊണ്ടാണ് യേശുക്രിസ്തു ഇങ്ങനെ പറഞ്ഞത്, "ചെറിയ ആട്ടിൻ കൂട്ടമേ, ഭയപ്പെടരുത്; നിങ്ങളുടെ പിതാവ് നിങ്ങൾക്ക് രാജ്യം നൽകുവാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾക്കുള്ളത് വിറ്റ് ഭിക്ഷ കൊടുക്കുവിൻ; കള്ളൻ അടുക്കുകയോ പുഴു കെടുക്കുകയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ, പഴകിപോകാത്ത മടിശ്ശീലകളും തീർന്നു പോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉണ്ടാക്കിക്കൊള്ളുവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളിടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും" (ലൂക്കൊസ് 12:32-34)

ലോകത്തിൽ പ്രകടമായി നിലനിൽക്കുന്ന അസമത്വം ഇല്ലാതാക്കുവാൻ ദൈവമക്കൾ എന്ന നിലയിൽ നാം യത്നിക്കേണ്ടതുണ്ട്. ആത്മീയമായി മറ്റുള്ളവരെ സമ്പന്നരാക്കുമ്പോൾ തന്നെ അവരുടെ ഭൗതിക ഇല്ലായ്മകളും നമ്മാൽ ആവോളം പരിഹരിക്കുവാൻ നാം ശ്രമിക്കണം. നമുക്ക് ലഭിക്കുന്നത് നമുക്ക് മാത്രമായി കരുതുകയും ചിലവിടുകയും ചെയ്യാതെ മറ്റുള്ളവർക്ക് കൂടി പ്രയോജനപ്പെടുത്തേണം. അതിലുപരി, നമ്മുടെ ജീവിതത്തിൽ ക്ളേശങ്ങൾ സഹിച്ചും ത്യാഗങ്ങൾ അനുഷ്ഠിച്ചും മറ്റുള്ളവരുടെ ജീവിതത്തിന് സംതൃപ്തി പകരാൻ നമുക്ക് കഴിയണം. നമുക്ക് വേണ്ടി യേശുക്രിസ്തു സ്വന്തജീവൻ ബലിയായി നൽകിയെങ്കിൽ ആ കർത്താവിന്റെ സ്നേഹം നമ്മുടെ ജീവിതങ്ങളിലൂടെ പ്രതിബിംബിപ്പിക്കുവാൻ നമുക്ക് കടമയുണ്ട്. അങ്ങനെയെങ്കിൽ മാത്രമേ ക്രൈസ്തവജീവിതത്തിന് പ്രസക്തി ഉണ്ടാകുകയുള്ളു.

നിന്നെപ്പോലെ തന്നെ നിന്റെ അയൽകാരനെയും സ്നേഹിക്കുക എന്ന വാക്യം അതിന്റെ അർത്ഥം അറിയാതെയാണ് നാം പലപ്പോഴും ഉരുവിടുന്നത്. നമ്മുടെ ജീവിതത്തിന് നാം എത്രമാത്രം പരിഗണന കൊടുക്കുന്നുണ്ട് അത്രമാത്രം നാം അന്യരെയും പരിഗണിച്ചാൽ മാത്രമേ ഈ വാക്യം പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുവാൻ നമുക്ക് കഴിയുകയുള്ളു.

*-പാസ്റ്റർ എം. സാമുവൽകുട്ടി*


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി



## വരിസംഖ്യ

വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു.

*-പത്രാധിപർ*

## വിശ്വാസിയും നീതീകരണവും

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

സിന്റെ ലേഖനങ്ങളിൽ ശക്തമായും വ്യക്തമായും രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യം രക്ഷ പിന്നീട് പ്രവൃത്തി എന്ന തന്റെ ആശയം മറ്റു മതങ്ങൾക്കും കർമ്മമാർഗ്ഗത്തിലൂടെ രക്ഷ (മുക്തി) കരഗതമാക്കാം എന്ന് പഠിപ്പിക്കുന്നവർക്കും വെല്ലുവിളിയാണ്.

ആദാമിന്റെ ലംഘനം നിമിത്തം സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ യേശുക്രിസ്തുവിന്റെ നീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണം വന്നുവെന്ന് പൗലൊസ് പ്രസ്താവിക്കുന്നു (റോമർ 5:18). ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്ന ക്രിസ്തുവിന്റെ പരമയാഗത്താൽ അനേകർ നീതിമാൻമാർ ആയിതീർന്നു. ന്യായപ്രമാണത്തിന് സാധിക്കാതിരുന്ന മഹാകാര്യം മനുഷ്യന് പ്രാപ്യമായി. നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയും അങ്ങനെ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുകയും ചെയ്തു. ആ ക്രൂശു മരണത്തിലൂടെ ചൊരിയപ്പെട്ട രക്തത്താൽ നാം നീതീകരണം പ്രാപിച്ചു (റോമർ 5:9). നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേൽക്കയും അകൃത്യങ്ങൾ നിമിത്തം തകരുകയും ചെയ്ത ക്രിസ്തു നമ്മുടെ നീതീകരണത്തിനായി ഉയർപ്പിക്കപ്പെട്ടു(റോമർ4:24). മരിച്ച് ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെ നീതീകരിക്കപ്പെടുകയും ദൈവത്തോട് സമാധാനം അഥവാ നിരപ്പ് പ്രാപിക്കയും ചെയ്യുന്നു(റോമർ 5:1). അനുസരണക്കേട് നിമിത്തം ഏദനിൽ വച്ച് മനുഷ്യനും ദൈവവുമായുള്ള ബന്ധവും കൂട്ടായ്മയും തകർന്നു എന്നാൽ യേശുക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെടുന്നതിലൂടെ ആ ബന്ധവും കൂട്ടായ്മയും പുനഃസ്ഥാപിക്കപ്പെട്ടു. തത്ഫലമായി ദൈവത്തിന്റെ കാലൊച്ച കേട്ട് ഓടി മറഞ്ഞ ആദിമാതാപിതാക്കളുടെ അനുഭവമല്ല മറിച്ച് കരുണ ലഭിപ്പാനും സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി കൃപാസനത്തോളം ഓടി എത്തുവാനുള്ള ധൈര്യം ആണ് ലഭ്യമായത്. ദൈവത്തിൽ നിന്ന് ഓടി അകലുന്നതല്ല ദൈവസന്നിധിയിലേക്ക് ഓടി അടുക്കുന്നതാണ് നീതീകരണം സാധിപ്പിച്ചു തന്നത്.

## പെന്തക്കൊസ്ത് കൂട്ടപ്രാർത്ഥനക്ക്...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നിലപാട് ഹൈക്കോടതി ശരിവയ്ക്കുകയായിരുന്നു.

ഈ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് വൈപ്പിൻ മാലിപ്പുറം സ്വദേശി ക്യാപ്റ്റൻ സേവ്യർ സമർപ്പിച്ച റിവ്യൂഹർജി കോടതി പിന്നീട് പരിഗണിക്കും. വീടുകളിലെ പ്രാർത്ഥന പെന്തക്കൊസ്തു വിശ്വാസികളുടെ മതപരമായ അവകാശമാണെന്നും അതു നിയന്ത്രിക്കാൻ പൊലീസിനു അധികാരമില്ലെന്നും ഹർജിയിൽ പറയുന്നു.

എന്നാൽ, അയൽക്കാർക്കോ പൊതുജനങ്ങൾക്കോ ശല്യം ഉണ്ടാകാത്ത വിധത്തിൽ ഭവന പ്രാർത്ഥനകൾ നടത്താനുള്ള വിശ്വാസികളുടെ അവകാശത്തെ ഹൈക്കോടതി നിരോധിച്ചിട്ടില്ലെന്ന് പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് തോമസ് വടക്കേക്കൂറ്റും ജനറൽ സെക്രട്ടറി കെ. എൻ. റസ്സലും അറിയിച്ചു.

കേരളാ ഹൈക്കോടതിയുടെ വിധി പരാതിക്കാരനു മാത്രമാണ് ബാധകം. എല്ലാ സഭകൾക്കും ബാധകമല്ല. രാത്രി 11 മണി മുതൽ രാവിലെ ആറു വരെ ലൗഡ് സ്പീക്കർ ഉപയോഗിക്കരുതെന്നും ആരാധനാലയങ്ങൾ പണിയുന്നതിന് ജില്ലാകലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണമെന്നുമുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ് വിധി. എന്നാൽ വീട്ടിൽ പ്രാർത്ഥന നടത്തുവാൻ ജില്ലാകലക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണമെന്ന് സർക്കാർ ഉത്തരവിൽ പറയുന്നില്ലെന്ന് അവർ അറിയിച്ചു.

## നഴ്സുമാരുടെ പ്രശ്നങ്ങൾ.....

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

യാനുണ്ടായിരുന്നു. അർഹമായ സ്ഥാനക്കയറ്റവും ശമ്പളവർദ്ധനയും നിഷേധിക്കുന്നുവെന്നായിരുന്നു ഇത്.

രോഗികൾക്ക് മെച്ചപ്പെട്ട ശുശ്രൂഷ ഉറപ്പാക്കുന്നതിന് നഴ്സുമാരുടെ ജോലിഭാരം കുറച്ച് വ്യക്തമായ രോഗി-നഴ്സ് അനുപാതം നടപ്പാക്കേണ്ടതുണ്ട്. സാധാരണ വാർഡുകളിൽ പത്തിൽ താഴെ രോഗികൾക്ക് ഒരു നഴ്സ് എന്നതാണ് നിയമം. പക്ഷേ, ചിലസ്വകാര്യ ആശുപത്രികളിൽ ഒരു നഴ്സിന് 60ലേറെ രോഗികളെ ശുശ്രൂഷിക്കേണ്ടിവരുമ്പോൾ നഴ്സുമാരെ മാനസികമായി തളർത്തുന്നതിനൊപ്പം രോഗികൾക്കു വേണ്ട ശ്രദ്ധ ലഭിക്കാതിരിക്കാനും ഈ പ്രവണത ഇടയാക്കുന്നു. സ്വകാര്യ ആശുപത്രികളുടെ ലാഭക്കൊതിയാണ് ഇത്തരം ദുഷ്പ്രവണതകൾക്ക് നിമിത്തമാകുന്നത്.

പ്രവാസി ക്ഷേമകാര്യ നിയമസഭാസമിതി പരിഹാരം കണ്ടെത്താൻ ശ്രമിക്കുമെന്ന് പറഞ്ഞ ആവശ്യങ്ങൾ പ്രധാനമായും ഇവയാണ്:- നഴ്സിങ്ങ് കോളജുകളിലെ വിദ്യാർത്ഥി പീഡനം അവസാനിക്കുക, നഴ്സുമാർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക, പ്രവാസിമലയാളികൾക്കു വേണ്ടിയുള്ള സർക്കാർ ഉദ്യമമായ നോർക്കയുടെ കീഴിൽ നേരിട്ട് നഴ്സിങ്ങ് റിക്രൂട്ട്മെന്റിന് സംവിധാനമൊരുക്കുക, നഴ്സുമാർക്ക് ട്രെയിനിൽ കോട്ട ഏർപ്പെടുത്തുക, ആശുപത്രിയിൽ നിശ്ചിത ശതമാനം മെയിൽ നഴ്സുമാർ നിർബന്ധമാക്കുക.

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും നീതീകരണവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

നീതികരണം (Justification) എന്നാൽ ഒരുവനെ നിർദ്ദോഷിയായി പ്രഖ്യാപിക്കുക എന്നാണർത്ഥം. ദൈവം നീതിമാനാണ് (ഉല്പത്തി 18:25) ആകയാൽ മനുഷ്യൻ നീതിമാനാകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ല നടപ്പ് എന്നർത്ഥം വരുന്ന “റെസ്ദെക് ” എന്ന എബ്രായ പദമാണ് പഴയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത് (യെഹസ്കേൽ 16:51–52). രാജാക്കൻമാരും ന്യായാധിപൻമാരും മനുഷ്യന് നീതി ലഭിക്കുന്നതിന് ശ്രദ്ധിക്കേണ്ട ആളുകളായിരുന്നു. എളിയവനും ദരിദ്രനും നീതി നടത്തികൊടുക്കേണ്ടതും ന്യായം പാലിച്ച് നൽകേണ്ടതും അവരുടെ കടമകളായിരുന്നു(സങ്കീർത്തനം 82:3, യെശയ്യാവ് 11:4). “റ്റ്സാദക്” എന്ന എബ്രായപദത്തിനും “ഡിക്കായ് ഓ” എന്ന ഗ്രീക്ക് പദത്തിനും ശരിയായ നിലയിൽ ആയിരിക്കുക (to be in the right) എന്നാണർത്ഥം. നീതീകരണം എന്ന പ്രക്രിയയിൽ ഒരു വ്യക്തിക്ക് അനുഭവവേദ്യമാകുന്ന മൂന്ന് വസ്തുതകൾ ഉണ്ട്.

1. പാപം ചെയ്ത് ദൈവസന്നിധിയിൽ കുറ്റക്കാരനായി തീർന്ന വ്യക്തി നീതീകരണം എന്ന പ്രക്രിയയിലൂടെ കുറ്റമില്ലാത്തവനായി പ്രഖ്യാപിക്കപ്പെടുന്നു. ഇത് യേശുക്രിസ്തുവിലൂടെ സംഭവിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നതുമൂലമുള്ള സൗജന്യമായ കൃപയിലൂടെ പാപമോചനം ലഭ്യമാകുന്നു. നാം ചെയ്യുന്ന യാതൊരു കർമ്മങ്ങളും നമ്മുടെ പാപപരിഹാരത്തിന് മതിയായതല്ല എന്ന് ബൈബിൾ വ്യക്തമാക്കിയിരിക്കുന്നു (മീഖാ 6:6, സങ്കീർത്തനം 49:8). ആകയാൽ നീതിമാനായ ദൈവം നീതീകരണം എന്ന പ്രക്രീയയിലൂടെ പാപസഹിതനെ പാപരഹിതനാക്കി തീർക്കുന്നു.
2. ഒരു വ്യക്തിയെ തനിക്ക് ലഭ്യമാകാമായിരുന്ന ശിക്ഷയിൽ നിന്ന് ഒഴിഞ്ഞവനാക്കുന്നു. ശിക്ഷയ്ക്ക് യോഗ്യനായിരുന്നവനെ നീതീകരണം എന്ന അനുഭവത്തിലൂടെ സ്വതന്ത്രനാക്കുന്നു.
3. നിത്യജീവന്റെ അവകാശിയായി പ്രഖ്യാപിക്കുന്നു. പാതാളത്തിന്റെ ആടുകളായി മൃത്യുവിനാൽ മേയിക്കപ്പെട്ടിരുന്ന വ്യക്തിയെ നിത്യജീവന്റെ അവകാശിയാക്കി തീർക്കുന്നു.

**നീതീകരണം വിൽപ്പന ചരക്കാക്കുന്നു**

ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല എന്നും (റോമർ 3:20) യേശുക്രിസ്തുവിന്റെ കൃപയാൽ വീണ്ടെടുപ്പുമൂലം സൗജന്യമായി നീതീകരിക്കപ്പെടുന്നു എന്നും (റോമർ 3:24) പൗലൊസ് അപ്പോസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. ഏതെങ്കിലും കർമ്മമാർഗ്ഗത്തിലൂടെ നീതീകരിക്കപ്പെടാം എന്ന് ചിന്തിക്കുന്നതും പഠിപ്പിക്കുന്നതും വചനവിരുദ്ധമാണ്.

പാപമോചനവും നീതീകരിക്കാനുള്ള അവകാശവും ദൈവത്തിനുമാത്രം ഉള്ളതാണെന്ന് ബൈബിൾ വ്യക്തമാക്കിയിട്ടും പണം കൊണ്ടും പ്രവൃത്തികൊണ്ടും പാപമോചനം ലഭിക്കുമെന്ന് പഠിപ്പിക്കുന്നത് ദൈവവചന വിരുദ്ധമാണ്.

1342ൽ ഇംഗ്ലണ്ടിൽ ജനിച്ച ജോൺ വിക്ലിഫ് (John Wycliff) ഡി പ്രൊട്ടസ്റ്ററ്റെ പാപ്പേയ് ( De Protestate papae) എന്ന ഗ്രന്ഥത്തിലൂടെ പാപ്പയുടെ കള്ളത്തരങ്ങൾക്കെതിരെ കൊടുങ്കാറ്റ് അഴിച്ച്

> ദൈവത്തിന്റെ കാലൊച്ച കേട്ട് ഓടി മറഞ്ഞ ആദിമാതാപിതാക്കളുടെ അനുഭവമല്ല മറിച്ച് കരുണ ലഭിപ്പാനും സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി കൃപാസനത്തോളം ഓടി എത്തുവാനുള്ള ധൈര്യം ആണ് നീതീകരണത്തിലൂടെ ലഭ്യമായത്. ദൈവത്തിൽ നിന്ന് ഓടി അകലുന്നതല്ല ദൈവസന്നിധിയിലേക്ക് ഓടി അടുക്കുന്നതാണ് നീതീകരണം.

വിട്ടപ്പോൾ പണം വാങ്ങി പാപമോചനവും നീതീകരണവും നടത്തിക്കൊണ്ടിരുന്ന പോപ്പിന്റെയും കൂട്ടരുടേയും കള്ളത്തരങ്ങൾക്ക് എതിരെയുള്ള വേറിട്ട ശബ്ദമായി അത് മാറി. ദൈവാലയ പണിക്ക് ആവശ്യമായ പണം കണ്ടെത്തുവാൻ ലെയോ പത്താമൻ മാർപ്പാപ്പ കണ്ടുപിടിച്ച തന്ത്രമായിരുന്നു പാപമോചന ചീട്ട് (Indulgebce). പണം നൽകി ചീട്ട് വാങ്ങിയാൽ പാപം മോചിക്കപ്പെടുമെന്ന് പഠിപ്പിച്ചു. ക്രൂശുമരണത്തിലൂടെ ക്രിസ്തു സൗജന്യമായി നൽകിയ പാപമോചനത്തെ ധന സമ്പാദനത്തിനുള്ളതാക്കി മാറ്റിയ ഹീന പ്രവൃത്തിക്കെതിരെ ജോൺ വിക്ലിഫും സഹപ്രവർത്തകരും (Lollards) വ്യാപകമായി പ്രചരണം നടത്തി.

1412ൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പ പുതിയ തന്ത്രവുമായി രംഗപ്രവേശം ചെയ്തു. നേപ്പിൾസിലെ രാജാവിനെതിരെ മാർപ്പാപ്പ പ്രഖ്യാപിച്ച യുദ്ധത്തിൽ പങ്കെടുത്ത് പൊരുതുവാൻ ജനത്തെ ആഹ്വാനം ചെയ്തു. ഈ യുദ്ധത്തിൽ പങ്കെടുക്കുന്നവർക്കെല്ലാം പാപമോചനം ലഭിക്കുമെന്ന് പ്രസ്താവിച്ചു. ഈ വഞ്ചനക്കെതിരെ പോരാടുവാൻ ജോൺ ഹസ്സ് (John Huss) എന്ന ദൈവമനുഷ്യനെ ദൈവം എഴുന്നേൽപ്പിച്ചു. പാപമോചനം നൽകുവാൻ മാർപ്പാപ്പക്ക് അധികാരം ഇല്ല എന്നും പണം കൊടുത്തും യുദ്ധം ചെയ്തും നേടാവുന്നതല്ല പാപമോചനം എന്നും ഹസ്സ് വ്യക്തമാക്കി. എന്നാൽ തെറ്റ് തിരുത്തുന്നതിനു പകരം സത്യം വിളിച്ചുപറഞ്ഞവരെ ഒടുക്കികളയുക എന്ന തന്ത്രമാണ് നേതൃത്വം പ്രയോഗിച്ച്ത്. സത്യം പറയുന്നവരേയും അനീതിക്കെതിരെ ശബ്ദം ഉയർത്തുന്നവരേയും ഒതുക്കാം എങ്കിലും സത്യവും നീതിയും ഒതുക്കാൻ പറ്റുന്നതല്ല എന്ന് തിരിച്ചറിയാൻ കത്തോലിക്കാ നേതൃത്വം വൈകിപ്പോയി.

1517 ഒക്ടോബർ 31ന് വിറ്റൻബർഗ്ഗ് കത്തീഡ്രലിന്റെ വാതിലിൽ, 95 കുറ്റസംഗതികൾ എഴുതിയത് മാർട്ടിൻ ലൂഥർ ആണി അടിച്ച് തറച്ച് വച്ചു. ഇത് പിന്നീട് 95 Thesis എന്നറിയപ്പെടുന്നു. ഇത് ചർച്ചാവിഷയമായി. മാർപ്പാപ്പയുടെ വചനവിരുദ്ധ നിലപാടുകൾക്കെതിരെയുള്ള ചാട്ടുളിയായി മാറി മാർട്ടിൻ ലൂഥറിന്റെ വാക്കുകൾ. പാപമോചനചീട്ട് വിറ്റ അതേ ദേവാലയത്തിൽ നിന്നുകൊണ്ട് വിശ്വാസത്താലുള്ള നീതീകരണം എന്ന വിപ്ലവകരമായ സന്ദേശം പ്രഘോഷിക്കപ്പെട്ടു. ഈ സത്യത്തെ ഇല്ലാതാക്കാൻ കാലാകാലങ്ങളിലായി സാത്താൻ ഭഗീരഥയജ്ഞം നടത്തിയിട്ടുണ്ട്. എന്നാൽ സത്യം അറിയുകയും സത്യത്താൽ സ്വതന്ത്രരാക്കപ്പെടുകയും ചെയ്ത ദൈവമക്കൾ വിശ്വാസത്താൽ നീതീകരണം പ്രാപിച്ച് പ്രത്യാശയോടെ ജീവിക്കുന്നു.

**വിശ്വാസത്താലുള്ള നീതീകരണം (Justification by Faith)**

ഒരുവനെ ശരിയായ സ്ഥിതിയിൽ ആക്കി നിർത്തുക ( To put a person in the right) എന്നാണ് നീതീകരണം എന്ന വാക്കിനാൽ പൗലൊസ് അർത്ഥമാക്കിയത്. പ്രവർത്തികൾ കൂടാതെ ദൈവദാനമായി ലഭിക്കുന്ന രക്ഷയെക്കുറിച്ചും വിശ്വാസത്താലുള്ള നീതീകരണത്തെ കുറിച്ചും പൗലോ

(ശേഷം രണ്ടാം പേജിൽ)

# വിസ്മയിപ്പിക്കുന്ന പാതകൾ

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

തെളിയിക്കുന്നു. മഴ എന്ന വിഷയത്തെപ്പറ്റി ശാസ്ത്രീയമായി വിശദീകരിപ്പാനല്ല ഇനിയും ഇവിടെ ഉദ്ദേശിക്കുന്നത്. വിചിന്തന വാക്യത്തിന്റെ ആത്മീയ വശത്തേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കാം.

അതിവിശുദ്ധ തിരുവെഴുത്തുകളിൽ, ദൈവകൃപയുടെ വർഷണത്തെയാണ് മഴ സൂചിപ്പിക്കുന്നത്. പാപംകൊണ്ടു മലീമസമായതും ഉണങ്ങിവരണ്ടതുമായ ഹൃദയങ്ങളിലേക്ക് ഒഴുകിവരുന്ന ദൈവസ്നേഹത്തെ സ്വർഗ്ഗീയമായ മഴയോട് ഉപമിക്കാവുന്നതാണ്. അധർമ്മിയും പാപിയുമായ ഒരുവനിലേക്കു ഈ മഴ പെയ്തിറങ്ങുകയാണെങ്കിൽ അവനു കുളിർമ്മയും ഉന്മേഷവും ചൈതന്യവും ലഭിക്കുന്നു. സ്വർഗ്ഗസീയോനിലെ വിത്തു വിതയ്ക്കുവാൻ ആ ഹൃദയം യോഗ്യതയുള്ളതായി തീരുന്നു. മാലിന്യങ്ങൾ ഒഴുകി മാറുകയും ഒരു ശുദ്ധീകരണ പ്രക്രിയ നടക്ക യും ചെയ്യുന്നു. ‘ദൈവമേ, നീ ധാരാളം മഴ പെയ്യിച്ചു ക്ഷീണിച്ചിരുന്ന നിന്റെ അവകാശത്തെ തണുപ്പിച്ചു’ എന്നു സങ്കീർത്തനം 68:9ൽ കാണുന്നു. സങ്കീർത്തനം 65:9,10 വാക്യങ്ങൾ കൂടി ഇതോടുചേർത്തു പഠിക്കാവുന്നതാണ്. ആത്മീയ ജീവിതത്തിൽ മന്ദതയും മയക്കവും ബാധിച്ച് ഉണങ്ങിവരണ്ട അവസ്ഥയിൽ ആയിരിക്കുന്ന ആരെങ്കിലും ഈ ഭാഗം പാരായണം ചെയ്യുന്നു എങ്കിൽ അവർ ജീവജലത്തിന്റെ ഉറവയായ ദൈവത്തിങ്കലേക്കു മടങ്ങിവരട്ടെ. ദൈവത്തിന്റെ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നും തിരുവെഴുത്തു പറയുന്നതു പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു യേശു പറഞ്ഞു (യോഹന്നാൻ 7:37).

സ്വർഗ്ഗസ്ഥനായ ദൈവത്തിനു മാത്രമേ മഴ ഭൂമിയിൽ നൽകുവാൻ കഴികയുള്ളു. പാപിയുടെ ഹൃദയത്തിലേക്കു ഒഴുകിവരുന്ന ദൈവകൃപയുടെ വർഷണവും ദൈവത്താൽ മാത്രമേ സാധിക്കയുള്ളു. ദൈവസന്നിധിയിൽ കുറ്റവാളികളായിത്തീർന്ന ദൂതന്മാർക്ക് ഈ കൃപ ലഭിക്കാതെയിരുന്നപ്പോൾ ബലഹീനരായ നമുക്കുവേണ്ടി പകർന്നുതന്ന ദൈവകൃപയ്ക്കായി തിരുനാമത്തെ സ്തുതിക്കാം. അന്ധതമസ്സിൽ അടയ്ക്കപ്പെട്ടിരിക്കുന്ന വീണുപോയ ദൂതന്മാർക്ക് ഇനിയും പഴയ അവസ്ഥയിലേക്ക് മടങ്ങിവരുവാൻ കഴിയും എന്ന യാതൊരു സൂചനയും തിരുവചനത്തിൽ കാണുന്നില്ല. എന്നാൽ, നാശകരമായ കുഴിയിലും കുഴഞ്ഞചേറ്റിലും കിടന്നിരുന്ന നമ്മുടെമേൽ പരിശുദ്ധാത്മാവ് തന്റെ കൃപയുടെ മാരി ചൊരിഞ്ഞ് നമ്മെ നവീകരിച്ചു. ദൈവമക്കൾ ആക്കിതീർത്തു. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിൽ നിന്നു തന്നെ ഇറങ്ങിവരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ നിറവിൽ നിന്നു നമുക്കെല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു (യോഹന്നാൻ 1:16).

ജലപ്രവാഹത്തിന് ചാലും ഇടിമിന്നലിന് പാതയും വെട്ടിക്കൊടുത്തത് ദൈവമാണ് എന്ന് 38:27ൽ കാണുന്നു. അതുപോലെ തന്നെ സ്വർഗ്ഗസീയോനിൽ നിന്നും മാനവഹൃദയത്തിലേക്കു ജീവജലത്തിന്റെ നദികൾ ഒഴുകിവരുവാൻ പാതയെ ഒരുക്കിയതും ദൈവം തന്നെയാണ്. റോമർ 5:6–10 വരെയുള്ള വാക്യങ്ങളിൽ കാണുംപ്രകാരം നാം ബലഹീനരും പാപികളും ശത്രുക്കളും ആയിരിക്കുമ്പോൾ ത്തന്നെയാണ് ഈ കൃപയുടെ മഴ നമ്മുടെമേൽ പകർന്നത്. കൃപ എന്ന പദത്തിനു തന്നെ, അർഹതയില്ലാത്ത ദാനം എന്നാണ് അർത്ഥം. പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുസാറാഫുകൾ പാടിസ്തുതിക്കുന്ന പരമോന്നതൻ എങ്ങനെ പാപിയോട് കരുണ കാണിച്ചു? അത് നിശ്ചയമായും മഹാത്ഭുതം തന്നെ. അഭക്തനെ നീതീകരിക്കുന്ന ഒരുവനെ നമുക്ക് നീതിമാൻ എന്ന് എങ്ങനെ വിളിക്കുവാൻ കഴിയും? അതിന് വഴി ഒന്ന് മാത്രമേ ഉണ്ടായിരുന്നുള്ളു. തന്റെ ഏകജാതനായ പുത്രനെ– പാപം അറിയാത്തവനെ– നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി (2കൊരിന്ത്യർ 5:21). നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അങ്ങനെ ജലപ്രവാഹത്തിനു ചാലും ഇടിമിന്നലിനു പാതയും വെട്ടിക്കൊടുത്ത ദൈവം തന്റെ പുത്രനായ ക്രിസ്തുവിൽകൂടി നമുക്കു വേണ്ടി രക്ഷയുടെ പാത ഒരുക്കി. ഹല്ലേലുയ്യാ, അവന്റെ വലിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ!

ദൈവത്തിന്റെ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു. ആകാശത്തിനു മീതെയുള്ള വെള്ളം യഹോവയെ സ്തുതിക്കട്ടെ (സങ്കീ.148:4). ഈ ജലത്തിന്റെ ഭണ്ഡാരം ദൈവം ഒരുമിച്ചു തുറന്നാൽ ഭൂമി മുഴുവൻ വെള്ളത്തിന്റെ അടിയിലാകും. അങ്ങനെ സംഭവിക്കാതെയിരിപ്പാൻ അവൻ ഭൂമിയിലേക്ക് തക്കസമയത്താണ് മഴ അയയ്ക്കുന്നത്. ഓരോ തുള്ളി തുള്ളിയായി ഭൂമിയിലേക്ക് മഴ പെയ്തു ഇറങ്ങത്തക്ക ക്രമീകരണമാണ് സർവ്വേശ്വരൻ ചെയ്തിരിക്കുന്നത്. ഇതുപോലെ തന്നെയാണ് കൃപയുടെ വർഷണത്തിന്റെ രീതിയും. വീണ്ടെടുക്കപ്പെട്ട ദൈവജനങ്ങൾക്കും സകല കൃപാവരങ്ങളും ദൈവം ഒറ്റദിവസം കൊണ്ട് ഒരുമിച്ചല്ല നൽകുന്നത്. പരിശുദ്ധാത്മാവ് ഇച്ഛിക്കുംപോലെ കൃപാവരങ്ങൾ പകുത്തുകൊടുക്കുന്നു എന്നു നാം വായിക്കുന്നു. “തക്കസമയത്ത് കൃപ പ്രാപിക്കുവാൻ നാം ധൈര്യത്തോടെ കൃപാസനത്തിങ്കലേക്കു അടുത്തു ചെല്ലുവാനും നമുക്ക് പ്രബോധനം ലഭിച്ചിരിക്കുന്നു ”(എബ്രാ .4:16). “അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുണ്ട്. അത് അവൻ നമുക്ക് ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു ”(എഫെസ്യർ 1:8).

(ശേഷം അടുത്ത ലക്കത്തിൽ)

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

## വിസ്മയിപ്പിക്കുന്ന പാതകൾ

*"നിർജ്ജന പ്രദേശത്തും ആൾപാർപ്പില്ലാത്ത മരുഭൂമിയിലും മഴ പെയ്യിക്കേണ്ടതിനും, തരിശും ശൂന്യവുമായ നിലത്തിന്റെ ദാഹം തീർക്കേണ്ടതിനും ഇളമ്പുല്ലു മുളപ്പിക്കേണ്ടതിനും ജലപ്രവാഹത്തിന് ചാലും ഇടിമിന്നലിന് പാതയും വെട്ടികൊടുത്തത് ആർ?" (ഇയ്യോബ് 38:25-27).*

ഇയ്യോബിന്റെ പുസ്തകം 37-ാം അദ്ധ്യായം വരെ വായിച്ചാൽ ദൈവം ഇയ്യോബിനോട് സംസാരിക്കുന്നതായി കാണുന്നില്ല. ഇയ്യോബിന്റെ ഭാര്യയുടെ വാക്കുകൾ, സ്നേഹിതന്മാരുടെ വാക്കുകൾ എല്ലാം അവൻ കേട്ടു. എല്ലാവരും സംസാരം നിർത്തിക്കഴിഞ്ഞപ്പോഴാണ് ചുഴലിക്കാറ്റിൽ പ്രത്യക്ഷനായ ദൈവം സംസാരിപ്പാൻ ആരംഭിച്ചത്. ഭൂമിശാസ്ത്രം, വാനശാസ്ത്രം, ഭൂഗർഭശാസ്ത്രം തുടങ്ങി നിരവധി മേഖലകളിലെ ചോദ്യങ്ങൾ ദൈവം ചോദിച്ചു. അവയിൽ ഒന്നാണ് മേലുദ്ധരിച്ച ചോദ്യം. അന്നത്തെ തലമുറയിൽ ബഹുമാന്യനായ ഒരു മനുഷ്യനായിരുന്നു ഇയ്യോബ്. അവന്റെ ഭക്തിയെപ്പറ്റി ദൈവവും, മനുഷ്യരും, ഭാര്യയും മാത്രമല്ല, സാത്താൻപോലും സാക്ഷ്യം പറഞ്ഞു.

നിഷ്ക്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും എന്നത്രെ ദൈവം അവനെക്കുറിച്ച് നൽകിയ സാക്ഷ്യം (ഇയ്യോബ് 1:1). തൽഫലമായി വളരെ അനുഗ്രഹങ്ങൾ അവനു ലഭിച്ചിരുന്നു എങ്കിലും അവനെ കുറച്ചുകൂടെ നന്നാക്കി എടുക്കുവാനും കുറേക്കൂടി അനുഗ്രഹങ്ങൾ നൽകുവാനും ദൈവത്തിനു പ്രസാദമായി. പരിശോധനയുടെ താഴ്വരയിൽക്കൂടി കടത്തിവിട്ട ശേഷം അവനെ അനുഗ്രഹിപ്പാനാണ് ദൈവം പരിപാടി തയ്യാറാക്കിയത്. അതിശക്തമായ തീച്ചൂളയിലൂടെ കടന്നുപോയ ശേഷം അവനെ നന്നായി ശുദ്ധീകരിച്ചു പുറത്തുകൊണ്ടുവന്നു. ഈ ശുദ്ധീകരണ പ്രക്രിയയിൽ അവനു ഭക്തി ലവലേശം നഷ്ടമായില്ല എങ്കിലും പരാതിയുടെയും പിറുപിറുപ്പിന്റെയും വാക്കുകൾ

> **സ്വർഗ്ഗസ്ഥനായ ദൈവത്തിനു മാത്രമേ മഴ ഭൂമിയിൽ നൽകുവാൻ കഴികയുള്ളൂ. പാപിയുടെ ഹൃദയത്തിലേക്കു ഒഴുകിവരുന്ന ദൈവകൃപയുടെ വർഷണവും ദൈവത്താൽ മാത്രമേ സാധിക്കയുള്ളൂ. ദൈവസന്നിധിയിൽ കുറ്റവാളികളായിത്തീർന്ന ദൂതന്മാർക്ക് ഈ കൃപ ലഭിക്കാതെയിരുന്നപ്പോൾ ബലഹീനരായ നമുക്കുവേണ്ടി പകർന്നുതന്ന ദൈവകൃപയ്ക്കായി തിരുനാമത്തെ സ്തുതിക്കാം.**

സംസാരിക്കേണ്ടിവന്നു. അവയെല്ലാം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന ദൈവംതമ്പുരാൻ മറ്റു പ്രതിനിധികളെ ആരെയും പറഞ്ഞയക്കാതെ നേരിൽ ഇയ്യോബിന് പ്രത്യക്ഷപ്പെട്ടു പറയുന്ന വാക്കുകളാണ് 38 മുതലുള്ള അദ്ധ്യായങ്ങൾ. നീ പുരുഷനെപ്പോലെ അര മുറുക്കിക്കൊൾക എന്നു പറഞ്ഞുകൊണ്ടാണ് ചോദ്യങ്ങൾ ആരംഭിച്ചത്. അത്യന്തം അഗാധവും വിസ്മയാവഹവുമായ ഈ ചോദ്യ



**പാസ്റ്റർ കെ.ജോയി**
**ന്യൂഡൽഹി**

ങ്ങൾക്കു മറുപടി പറയാൻ തക്ക പരിജ്ഞാനമുള്ള ആരും തന്നെ ഈ ഉലകത്തിൽ ഇല്ല. ഏതായാലും സകല ചോദ്യങ്ങൾക്കുംകൂടി മറുപടിയായി, 'ദൈവമേ, നിന്നെക്കുറിച്ചു ഞാൻ ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോൾ കണ്ണാൽ കണ്ടിരിക്കുന്നു' എന്നാണ് പറഞ്ഞത്. ഈ ശോധനകൾ എല്ലാം അവന്റെ നന്മയ്ക്കായിരുന്നു എന്നു ഒടുവിലാണ് തനിക്കു മനസ്സിലായത്.

അത്യുന്നതന്റെ അത്യാഗാധമായ ജ്ഞാനത്തേയും മഹത്വത്തേയും അറിവിനേയും വെളിപ്പെടുത്തുന്നതാണ് നമ്മുടെ വിചിന്തന വാക്യത്തിലെ ചോദ്യങ്ങൾ. ഭൂമിയിലേക്ക് മഴ പെയ്തിറങ്ങുന്നത് എങ്ങനെയാണെന്നു വിശദീകരിപ്പാൻ ആധുനിക ശാത്രജ്ഞന്മാർക്ക് കഴിഞ്ഞേക്കാം. എന്നാൽ, ഈ നിയമം വച്ചത് ആരാണെന്ന് പറയാൻ അവർക്കു കഴിയുന്നില്ല. 'പ്രകൃതിയുടെ നിയമം' എന്നു മാത്രമേ അവർക്കു പറയുവാൻ സാധിക്കയുള്ളൂ. എന്നാൽ, സർവ്വശക്തന്റെ ദിവ്യജ്ഞാനമാണ് ഈ വ്യവസ്ഥിതി സ്ഥാപിച്ചതെന്നു ഈ വാക്യങ്ങൾ

**(ശേഷം മൂന്നാം പേജിൽ)**

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

വേദവിചാരം

## കഫർന്നഹൂമിലെ അത്ഭുതം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

എല്ലാ മനുഷ്യരും ജീവിതത്തിൽ അനുഗ്രഹം പ്രാപിക്കേണം എന്ന ഉത്തമ താൽപ്പര്യത്തോട് കൂടിയവരാണ്. അത്ഭുതങ്ങളും അനുഗ്രഹങ്ങളും മാനുഷികമല്ല, ദൈവീകമാണ്. ദൈവം ആരെന്ന് തിരിച്ചറിയുകയും മനുഷ്യൻ ആയിത്തീരേണ്ടതുപോലെ ആയിത്തീരുകയും ചെയ്യുമ്പോൾ മാത്രമേ അത്ഭുതങ്ങളും അനുഗ്രഹങ്ങളും ആരംഭിക്കുകയുള്ളൂ. അമാനുഷികനായ ദൈവം പക്ഷേ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത് മാനുഷിക തലത്തിലൂടെയാണ് എന്ന കാര്യം നാം മറക്കരുത്. ഓരോ അത്ഭുതം നടക്കേണ്ടതിനും നമ്മുടേതായ പ്രതിപ്രവർത്തനം ദൈവം പ്രതീക്ഷിക്കുന്നു. പൂർണ്ണമായ ദൈവാശ്രയം അനിവാര്യമാണ്. എന്നാൽ ഒപ്പം മാനുഷികമായ പ്രവർത്തികളെ നിഷേധിക്കയുമരുത്. ആത്മീയവും ഭൗതീകവുമായ എല്ലാ കാര്യങ്ങളിലും ഇത് ബാധകമാണ്. ദൈവം വ്യക്തികളെ നോക്കുന്നവനല്ല, പിന്നെയോ മനസ്സുകളെ നോക്കുന്നു. ദൈവിക പദ്ധതിക്കുവേണ്ടി സമർപ്പിതവും, ഒരുക്കപ്പെട്ടതുമായ മനസ്സുകൾക്ക് ദൈവിക അത്ഭുതം അകലെയല്ല. കഫർന്നഹൂമിലെ രാജഭൃത്യന്റെ കഥ ഇതിന് നല്ല ഉദാഹരണമാണ്.

വെള്ളം വീഞ്ഞാക്കി യേശു തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച സ്ഥലമാണ് കാനാ.(യോഹ 2:1-11). വേദപുസ്തകത്തിൽ കാനാവിനെക്കുറിച്ച് പരാമർശിക്കുന്ന മറ്റൊരു ഭാഗമാണ് യോഹ 4: 46. കാത്തലിക്ക് എൻസൈക്ലോപീഡിയ പ്രകാരം എട്ടാം നൂറ്റാണ്ടിൽ നിന്നും ആരംഭിക്കുന്ന ഒരു പാരമ്പര്യം "കാനാ" ഇസ്രായേലിലെ നസ്രത്തിന് ഏഴ് കിലോമീറ്റർ വടക്ക് സ്ഥിതി ചെയ്യുന്നതും ആധുനിക അറേബ്യയിലെ കാഫർ കാന്നാ എന്ന പട്ടണമാണെന്നും പറയുന്നു. ഗലീലക്കടലിന്റെ വടക്കൻ തീരത്ത് സ്ഥിതി ചെയ്യുന്നതും ഹസ്മോനിയരുടെ കാലത്ത് മീൻപിടിത്തകാരുടേതുമായ ഒരു ഗ്രാമമായിരുന്നു കഫർനഹൂം. കാനാവിൽ വച്ചാണ് ഈ അത്ഭുതം നടക്കുന്നത്(യോഹ 4:46-53).കഫർന്നഹൂമിൽ നിന്നാണ് രാജഭൃത്യൻ വന്നത്.

രാജഭൃത്യന്റെ മകനെ യേശു സൗഖ്യമാക്കുന്നത് ശതാധിപന്റെ മകനെ സൗഖ്യമാക്കുന്നതിന് സമാനമായ മൂന്നാമത്തെ സംഭവകഥയാണിത്, മത്തായി 8:5-13. ലൂക്കോസ് 7:1-10 എന്നീ ഭാഗങ്ങളിൽ ഇതിന് രണ്ട് വ്യത്യസ്തങ്ങളായ രൂപങ്ങളുണ്ട്. വാചികമായ പ്രചരണത്തിൽ നിന്ന് ഉടലെടുത്തതാകാം ഈ വിവിധ രൂപങ്ങൾ എന്ന് റെയ്മണ്ട് ഇ ബ്രൗൺ അഭിപ്രായപ്പെയുന്നു(പുതിയ നിയമത്തിനൊരാമുഖം, 344). അവിശ്വാസം മൂലം ഒരു പ്രവാചകനും തന്റെ സ്വന്തം ദേശത്ത് ബഹുമാനം ലഭിക്കുന്നില്ല എന്ന മുൻ വാക്യങ്ങളിലെ പ്രഖ്യാപനത്തിന് ഘടകവിരുദ്ധമായി രാജഭൃത്യന്റെ വിശ്വാസം ഇവിടെ എടുത്തു കാട്ടപ്പെടുന്നു. യേശു പറഞ്ഞത് സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് രാജഭൃത്യൻ വീട്ടിലേക്ക് പോകുന്നു. യേശുവിന്റെ അത്ഭുതപ്രവർത്തി ആ കുടുംബത്തെ മുഴുവൻ സന്തോഷത്തിലേക്ക് നയിക്കുന്നു.നാലു സുപ്രധാന കാര്യങ്ങൾ നമുക്ക് ഇവിടെ കാണുവാൻ കഴിയും.

**ദുരഭിമാനം വെടിഞ്ഞ് വിനയാന്വിതനാകുന്നു.** മകന്റെ സൗഖ്യത്തിനായി യേശുവിനെ സമീപിച്ച രാജഭൃത്യൻ യേശുവിന്റെ മുന്നിൽ തന്നെ വിനയാന്വിതനാക്കുന്നു. തന്റെ ദുരഭിമാനം വെടിഞ്ഞ്, യേശു ആരാണെന്നും അവന്റെ മഹത്വവും ശക്തിയും എന്താണെന്നും മനസ്സിലാക്കി തന്നെയും തന്റെ കുടുംബത്തെയും യേശുവിന് മുന്നിൽ സമർപ്പിക്കുന്നു. അവന്റെ മനസ്സിലുരുവായ വിനയം വാക്കുകളിലും പ്രവർത്തിയിലും നിറഞ്ഞു കവിയുന്നു. രാജകുലത്തിലുള്ളവൻ ഒരു തച്ചന്റെ അരികിലേക്ക് കടന്നുവരുന്നു. നസറേത്തിൽ നിന്ന് എന്തെങ്കിലും നന്മ വരുമോ എന്ന് സംശയിച്ചിരുന്നിടത്ത് നസറേത്തിലെ നന്മ തിരക്കി അവൻ കടന്നുവന്നു. കൈമുതലായി കരുതിയിരിക്കുന്ന ദുരഭിമാനം കൈമോശം വരുത്താതെ അത്ഭുതങ്ങൾ സംഭവിക്കുക അസംഭവ്യമാണ്. വിനയം മനസിൽ നിറയുകയല്ല, മനോഭാവം, വാക്കുകൾ, പ്രവർത്തി എന്നിവയിലൂടെ നിർഗ്ഗളിക്കണം.

**വിയോജിക്കുന്നത് വെടിഞ്ഞ് വിശ്വസിക്കുന്നു.** അത്ഭുതങ്ങളും അടയാളങ്ങളും കാണുവാൻ വേണ്ടി ആളുകൾ യേശുവിന്റെ പിന്നാലെ തടിച്ചു കൂടി. പക്ഷേ അവരിൽ പലരിലും വിശ്വാസം ഇല്ലായിരുന്നു. യേശുകർത്താവ് മശിഹായാണെന്ന് വിശ്വസിക്കുവാൻ അവർ വിസമ്മതിച്ചു. യേശു തന്നെ ശാസിച്ചെങ്കിലും അവന്റെ വാക്കുകളിൽ രാജഭൃത്യൻ വിശ്വസിച്ചു. മറ്റുള്ളവർ യേശുവിനെ വിശ്വസിക്കുവാൻ വിസമ്മതിച്ചപ്പോൾ അവൻ പൂർണ്ണമായി യേശുവിന്റെ വാക്കുകളിൽ വിശ്വസിച്ചു. അത്ഭുതം കണ്ടതുകൊണ്ടല്ല, അതു സംഭവിക്കുമെന്ന് അവൻ വിശ്വസിച്ചു. നമ്മുടെ വിശ്വാസവും അത്ഭുതം കണ്ടുകൊണ്ടുള്ളതാകരുത്. യേശു ദൈവപുത്രനും രക്ഷകനുമാണെന്നുള്ള വിശ്വാസത്തിൽ അടിയുറച്ചതായിരിക്കണം നമ്മുടെ വിശ്വാസം.

**യേശുവിന്റെ വാക്കു കൈക്കൊണ്ട് വിശ്വസിക്കുന്നു.** ഹേരോദിന്റെ കീഴിൽ ജോലി ചെയ്യുന്നവനായിരുന്നു ആ രാജഭൃത്യൻ. താൻ തന്നെയാണ് ദൈവം എന്ന് ഹേരോദ് പ്രഖ്യാപിക്കുന്നത് ലോകത്തിലുള്ള സകലർക്കും സുപരിചിതമായിരുന്നു. എന്നിട്ടും യേശുവിന്റെ വാക്കുകൾ രാജഭൃത്യൻ കൈക്കൊണ്ടു. കേവലമായ ആവശ്യനിവൃത്തിക്കുവേണ്ടിയായിരുന്നില്ല അത്. മറിച്ച് തന്റെ ഹൃദയത്തിന്റെ തീരുമാനമായിരുന്നു. യേശുവാണ് ദൈവപുത്രൻ എന്നവൻ വിശ്വസിച്ചു. അവനെ കൈക്കൊണ്ടു , അത് അവനെയും കുടുംബത്തെയും നന്മയിലേക്ക് നടത്തി.

**യേശുവിനെ അനുഗമിക്കുവാൻ അവൻ ഒരു തീരുമാനമെടുത്തു.** രാജഭൃത്യനും കുടുംബവും യേശുവിന്റെ അനുധാവകരായി മാറി. തന്റെ തിരഞ്ഞെടുപ്പ് ശരിയെന്നും തീരുമാനം നല്ലതെന്നും അവൻ കണ്ടു.കുടുംബമായി യേശുവിനെ അനുഗമിക്കുവാൻ അവർ തീരുമാനിച്ചു. ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യുന്ന നന്മകൾ ദൈവത്തിങ്കലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നതാകണം. ദൈവീക ബന്ധത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുവാൻ നമുക്ക് കഴിയണം. അത് ക്രിസുതുവിലുള്ള സന്തോഷത്തിലേക്ക് നമ്മെ നയിക്കും. ഒരു വ്യക്തിയുടെ സന്തോഷം കുടുംബത്തിലേക്കും, സമൂഹത്തിലേക്കും വ്യാപിക്കുവാൻ കാരണമാകും.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*